# 3

# യെഹൂദ്യയിൽനിന്നുള്ള പേർ പറയാത്ത പ്രവാചകൻ നുണ വിശ്വസിക്കുന്നു

*വേദഭാഗം:1 രാജാക്കന്മാർ 13*

“നിങ്ങൾ എന്തു വിശ്വസിച്ചാലും കുഴപ്പമില്ല. നിങ്ങൾ ആത്മാർത്ഥതയുള്ള ആളാണോ എന്നതാണ് കാര്യം. ഉപദേശം കാര്യമായി എടുക്കേണ്ട; നിങ്ങളുടെ ഹൃദയം മാത്രം നോക്കിയാൽ പോരേ?” എന്ന് ആളുകൾ പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? ഒരുപക്ഷെ നിങ്ങൾ കേട്ടിരിക്കാം. നാമെല്ലാം കേട്ടിരിക്കാം. നമ്മെ വഴി നടത്തേണ്ടത് ബൈബിൾ ആകയാൽ, ഒരു പ്രധാനപ്പെട്ട ചോദ്യം ഉയരും: അത് മതത്തിൽ വാസ്തവമാണോ? നമുക്ക് നോക്കാം.

നാം യൊരേബയാമിനെ വിട്ടുപോകുന്നതിനുമുൻപ്, പുതിയ-യാഗപീഠം പണിതതിന് യൊരേബയാമിനെ ശാസിച്ച പേർ പറയാത്ത ആ പ്രവാചകനെ കുറിച്ച് നമുക്ക് ഒന്ന് ചിന്തിക്കാം. ആ പ്രവാചകൻ ഈ ലോകത്തിലെ സത്യവും അസത്യവും തമ്മിലും, അനുസരണവും അനുസരണക്കേടും തമ്മിലും ഉള്ള പോരാട്ടത്തെ ഓർപ്പിക്കുന്നതുകൊണ്ട് ആ പ്രവാചകൻ നമുക്ക് പ്രത്യേകത യുള്ളവനാണ്.

“ചെറിയ, നിസാരമായ ഒരു നുണ,” എന്നു പറയുന്നത് നിങ്ങൾ കേട്ടിരിക്കാം എന്നാൽ ഏതു നുണയായാലും നിസാരമോ ചെറുതോ അല്ല എന്ന് നാം ഓർക്കണം. ചില *കള്ളം* ചെറുതായും, നിസാരമായും തോന്നിയേക്കാം, പക്ഷെ ഒരിക്കലുമല്ല. ആ സത്യം ഉറപ്പാണെന്ന് ബൈബിളിൽ തെളിയിച്ച ആളാണ് യെഹൂദ്യയിൽനിന്നുള്ള ആ പ്രവാചകൻ. ആ സത്യം മനസിലാക്കുവാൻ യൊരേബെയാമിനെ അവൻ ശാസിച്ച ശേഷമുള്ള അവന്റെ സംഭവം നാം അറിയണം.

യൊരേബയാമിനെ കുറ്റപ്പെടുത്തിയതിനും തരംതാഴ്ത്തിയതിനും ശേഷം, ദൈവം അവന് മാനസാന്തരപ്പെടുവാനുള്ള അവസരം കൊടുത്തു. അവന്റെ കൈ ഭേദമാക്കിക്കൊടുക്കുകയും അവസാന ന്യായവിധി നീട്ടി വെക്കുകയും ചെയ്തു. ഒരു നിമിഷത്തിന് ശേഷം, യൊരേബയാം നല്ല-മനസോടെ പ്രതിഫലമായി പ്രവാചകനെ ഭക്ഷണം കഴിച്ചു വിശ്രമിക്കുവാൻ ക്ഷണിച്ചു, എന്തൊരു ക്ഷണം! “ഞാൻ രാജാവിനെ ശാസിക്കയും, അവൻ നന്ദിസൂചകമായി എന്നെ രാജകീയ ഭോജനത്തിന് ക്ഷണിക്കുകയും ചെയ്തു” എന്ന് പ്രവാചകന് പറയാമായിരുന്നില്ലേ?

എന്നാൽ “നിന്റെ അരമനയിൽ പകുതി തന്നാലും ഞാൻ നിന്നോടുകൂടെ വരികയില്ല.. ഈ സ്ഥലത്തു വെച്ചു ഞാൻ അപ്പം തിന്നുകയില്ല, വെള്ളം കുടിക്കയുമില്ല. ‘നീ അപ്പം തിന്നരുത് വെള്ളം കുടിക്കരുത്; പോയ വഴിയായി മടങ്ങി വരികയും അരുത് എന്ന് യഹോവ അരുളപ്പാടായി എന്നോട് കൽപിച്ചിരിക്കുന്നു’ ” എന്ന് പ്രവാചകൻ രാജാവിനോട് പറഞ്ഞപ്പോൾ അവന്റെ ദൈവഭക്തി പ്രകടമായിരുന്നു (13:8, 9). ആ പ്രവാചകന്റെ സംഭവം അവിടെ അവസാനിച്ചിരുന്നുവെങ്കിൽ, അവനെ നാം ബൈബിളിലെ ഏറ്റവും വലിയ പ്ര

വാചകനായി കണക്കാക്കുമായിരുന്നു. “ആ മനുഷ്യൻ എക്കാലത്തെയും മഹാന്മാരിൽ ഒരാളായിരുന്നു. അവന്റെ ഹൃദയം ഒരു കാര്യത്തിൽ ഉറപ്പിച്ചിരുന്നു - ദൈവത്തിന്റെ സത്യത്തിൽ. അയാളെ സ്വാധീനിക്കുവാൻ ഒരു മനുഷ്യനും കഴിയുകയില്ല - ദൈവേഷ്ടത്തിൽ നിന്നും അവനെ പിന്തിരിപ്പിക്കുവാനോ, വ്യതിചലിപ്പിക്കുവാനോ കഴിയുകയില്ല. അവൻ വാസ്തവത്തിലുള്ള പ്രവാചകൻ, ദൈവത്തിന്റെ സത്യം ഭയമോ ആനുകൂല്യമോ കൂടാതെ പ്രസ്താവിക്കുന്നവൻ,” എന്നു നാം പറയും.എങ്ങനെയായാലും, പക്ഷെ അയാളുടെ ശേഷിച്ച സംഭവങ്ങൾ അയാളെ കുറിച്ചു മറ്റൊരു ചിത്രമാണ് നൽകുന്നത്.

വന്ന വഴിയല്ലാതെ മറ്റൊരു വഴിയിൽ കൂടെ പ്രവാചകൻ തന്റെ കഴുതപ്പുറത്തു കയറി യാത്ര തുടങ്ങി. ബേഥേലിൽ, യാഗപീഠത്തിൽ വെച്ച് യൊരേബയാമിന് സംഭവിച്ചതറിഞ്ഞ എല്ലാവരും ആ സമയത്ത് അതിനെ കുറിച്ച് കുശുകുശുത്തുകൊണ്ടിരിക്കയാവും. അതു കണ്ട ചില യുവാക്കൾ വീട്ടിൽ ചെന്ന് തങ്ങളുടെ അപ്പൻ ആയ പ്രായം ചെന്ന പ്രവാചകനോട് സംഭവം വിവരിച്ചു പറഞ്ഞു. തന്റെ മക്കൾ പറഞ്ഞതു കേട്ട് അവൻ ചഞ്ചലിച്ചു എന്ന് മാത്രമെ ആ പ്രവാചകനെ കുറിച്ചു നമുക്ക് അറിയാവു. അവൻ മക്കളോട് ചോദിച്ചു, “അവൻ ഏതു വഴിക്കാണ് പോയത്?” (13:12). മക്കൾ അത് അറിഞ്ഞിരുന്നു. പ്രവാചകൻ യെഹൂദ്യയിലേക്ക് മടങ്ങി പോയത് ഏതു വഴിക്കാണെന്ന് അന്ന് യാഗപീഠത്തിനരികിലുണ്ടായിരുന്ന എല്ലാവർക്കും അറിയാമായിരുന്നു. സങ്കീർണ്ണമായ സമയത്ത് സത്യത്തിനുവേണ്ടി നിലകൊണ്ടതിന്റെ ആനന്ദവുമായിട്ടായിരിക്കാം പ്രവാചകൻ രാജാവിന്റെ സന്നിധി വിട്ട്, ഉടനെ തന്റെ കഴുതപ്പുറത്തു കയറി ടൗൺ വിട്ട് പോയിരിക്കുക. അവനും അവന്റെ കഴുതയും കണ്ണിൽനിന്നു മറയുന്നതുവരെ, കൂടി നിന്നവരെല്ലാം അതു ശ്രദ്ധിച്ചു നോക്കിയിരുന്നേക്കാം. അവൻ അപ്രത്യക്ഷമായിട്ടും ആളുകൾ ഒരു നിമിഷത്തേക്ക് നിശബ്ദരായി തന്നെ കാണപ്പെട്ടിരിക്കും. ന്യായവിധി പ്രസ്താവനകളുടെ മുഴക്കം അപ്പോഴും അവരുടെ ചെവികളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നേക്കാം - പിന്നെ അവർ കണ്ടതെല്ലാം മനസിൽ ചിന്തിച്ചുകൊണ്ട്, ഓരോരുത്തരായി താന്താന്റെ വീടുകളിലേക്ക് മടങ്ങി പോയി. ഒരു വെളിച്ച ദൂതൻ തന്നെ അയച്ച ദൈവത്തിന്റെ അടുക്കലേക്ക് തിരിച്ചുപോകുന്നതുപോലെ, പ്രവാചകൻ പോയത് ആ മക്കൾ ശ്രദ്ധിച്ചിരുന്നു.

പ്രവാചകൻ പട്ടണം വിട്ടുപോയത് ഏതു വഴിക്കാണെന്നറിഞ്ഞ ഉടനെ ആ വൃദ്ധനായ പ്രവാചകൻ തന്റെ കഴുതപ്പുറത്തു കയറി ആ യുവപ്രവാചകൻ പോയ വഴിക്ക് വെച്ചുപിടിച്ചു. ആ വൃദ്ധൻ ചെന്നപ്പോൾ ആ പ്രവാചകൻ യാത്ര ചെയ്തു ക്ഷീണിച്ചു ഒരു വൃക്ഷത്തണലിൽ വിശ്രമിക്കുകയായിരുന്നു. എന്തുകൊണ്ടാണ് വൃദ്ധനായ പ്രവാചകൻ അങ്ങനെ പറഞ്ഞതെന്നോ ചെയ്തതെന്നോ നമുക്ക് അറിയില്ല.[1] ആ യുവപ്രവാചകൻ അങ്ങനെ ചെയ്തത് എന്തുകൊണ്ടാണെന്ന് നമുക്ക് അറിയില്ല. ആ വൃദ്ധ പ്രവാചകൻ യുവ പ്രവാചകനോട് പറഞ്ഞു, “നീ എന്നോടുകൂടെ വീട്ടിൽ വന്ന് ഭക്ഷണം കഴിക്കേണം” (13:15). അവൻ ആദ്യം യൊരേബയാമിന്റെ ക്ഷണത്തെ ദൃഢസ്വരത്തിൽ നിരസിച്ചവനായിരുന്നു. അവൻ പറഞ്ഞു,

> എനിക്ക് നിന്നോടുകൂടെ പോരികയോ, നിന്റെ വീട്ടിൽ കയറുകയോ ചെയ്തുകൂടാ. ഞാൻ ഈ സ്ഥലത്ത് വെച്ച് നിന്നോടുകൂടെ അപ്പം തിന്നുകയില്ല, വെള്ളം കുടിക്കയുമില്ല. “നീ അവിടെ വെച്ച് അപ്പം തിന്നരുത്,

> വെള്ളം കുടിക്കരുത്, പോയ വഴിയായി മടങ്ങി വരികയും അരുത് എന്ന് യഹോവ അരുളപ്പാടായി എന്നോട് കൽപിച്ചിരിക്കുന്നു" (13:16, 17).

ഏതോ കാരണത്താൽ, ആ വൃദ്ധപ്രവാചകൻ പിശാചിന്റെ ശ്വാസിയനായി അവനോട് പറഞ്ഞു:

> ഞാനും നിന്നെപോലെ ഒരു പ്രവാചകനാകുന്നു. അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്യേണ്ടതിന്, "നീ അവനെ വീട്ടിൽ കൊണ്ടു വരിക എന്ന് ഒരു ദൂതൻ യഹോവയുടെ കൽപനയാൽ എന്നോട് പ റഞ്ഞിരിക്കുന്നു" (13:18).

പരമപ്രധാനമായ ആ വാക്കുകൾ തുടരുന്നു: "അവൻ പറഞ്ഞതോ ഭോഷ്ക്കായിരുന്നു" (13:18). ആ വാക്കുകൾ പതുക്കെ ധ്യാനത്തോടെ വായിക്കുക. ആ യുവ പ്രവാചകന്റെ വാസ്തവത്തിലുള്ള ആത്മാവ് ഇവിടെ നാം കാണുന്നു. അവൻ വാസ്തവത്തിൽ ദൈവത്തെ അനുസരിക്കുവാൻ സമർപ്പിക്കപ്പെട്ടിരുന്നോ, അതോ അതിനെ കുറിച്ച് ഒരു മൃദു സമീപനമായിരുന്നോ ഉണ്ടായിരുന്നത്? രാജാവിനെ ശാസിച്ച ഒരു യുവപ്രവാചകനെ ഒരു ഭോഷ്ക്കിനാൽ വിഡ്ഢിയാക്കുവാൻ പറ്റുമോ? വാക്യം 19-ൽ ആ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഉണ്ട്: "അങ്ങനെ അവൻ അവനോടുകൂടെ ചെന്നു അവന്റെ വീട്ടിൽ ചെന്ന് അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്തു." ആ സംഭവം വെളിപ്പെടുത്തിയത് വായിക്കുമ്പോൾ, ഉച്ചത്തിൽ നാം പറഞ്ഞുപോകും, "ഇല്ല, ഇല്ല! ഒരു താഡനത്താൽ തെറ്റിദ്ധരിക്കരുത്. യഹോവയുടെ വചനത്തിൽ വിശ്വസ്തത പുലർത്തുക" പക്ഷെ ആ പ്രവാചകൻ വൃക്ഷത്തണലിൽനിന്ന് എഴുന്നേറ്റു ആ വൃദ്ധ പ്രവാചകന്റെ വീട്ടിലേക്ക് പോയപ്പോൾ നമ്മുടെ ഉള്ളിൽ അയാൾ വിശ്വസ്തതയിൽനിന്നു അവിശ്വസ്തതയിലേക്കും, ഒരു വലിയ പ്രവാചകൻ "ഒരിക്കൽ ആയിരുന്നു" എന്ന അവസ്ഥയിലേക്കും, ജീവിച്ചിരിക്കുന്ന പ്രവാചകൻ മരണാവസ്ഥയിലേക്കുമാണ് യാത്ര തിരിക്കുന്നതെന്ന് പറഞ്ഞു പോകും.

ആ വൃദ്ധപ്രവാചകന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ, യുവ പ്രവാചകന്റെ ഭാവിയെ കുറിച്ച് പരിശുദ്ധാത്മാവിനാൽ നിയന്ത്രിതനായി വൃദ്ധ പ്രവാചകൻ ഒരു പ്രവചനം നടത്തി:

> "നീ യഹോവയുടെ വചനം മറുത്തു നിന്റെ ദൈവമായ യഹോവ നിന്നോട് കൽപിച്ചിരുന്ന കൽപന പ്രമാണിക്കാതെ അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്യരുതെന്ന് നിന്നോടു കൽപിച്ച സ്ഥലത്ത് നീ മടങ്ങി വന്ന് നീ അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്തതുകൊണ്ട്, നിന്റെ ശവം നിന്റെ പിതാക്കന്മാരുടെ കല്ലറയിൽ വരികയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു" എന്നു വിളിച്ചു പറഞ്ഞു (13:21, 22).

ആ ദിവസം പിന്നീട്, ആ യുവ പ്രവാചകൻ വീട്ടിലേക്ക് മടങ്ങി പോകുമ്പോൾ ഒരു സിംഹം അവനെ ആക്രമിച്ചു, കൊന്നു കളഞ്ഞു. ആ യുവപ്രവാചകന്റെ മരണവിവരം അറിഞ്ഞ വൃദ്ധ പ്രവാചകൻ ചെന്ന് അവന്റെ ശവം പട്ടണത്തിലേക്ക് കൊണ്ടുവന്ന്, തന്റെ കല്ലറയിൽ അടക്കിയിട്ടു, നെടുവീർപ്പിട്ടു പറഞ്ഞു,

“പാവം, എന്റെ സഹോദരൻ!” യെഹൂദ്യയിൽ നിന്നുള്ള ആ പ്രവാചകന്റെ കല്ലറ കാണുമ്പോൾ, “പാവം, എന്റെ സഹോദരൻ!, എന്തിന് അത് ചെയ്തു?” എന്നു മാത്രമെ നമുക്ക് ഓർക്കുവാനുള്ളു. അവൻ ഊർജ്ജം നേടുവാൻ ശ്രമിച്ചതിന്റെ ഫലമായി അവൻ വീണുപോയി. തനിക്കുള്ള ഉപദേശത്തെ ശ്രദ്ധിക്കാതിരുന്ന ഉപദേഷ്ടാവായിരുന്നു അവൻ. സത്യത്തിന്റെ വക്താവായിരുന്നിട്ടും നുണയാൽ വഞ്ചിക്കപ്പെട്ട മനുഷ്യനായി തീർന്നു അയാൾ.

തെറ്റു വിശ്വസിച്ചാലുള്ള അപകടമാണ് ഈ സംഭവം നമ്മെ ഓർപ്പിക്കുന്നത്. തെറ്റ് പക്ഷപാത രഹിതമായിരിക്കും; അത് രാജാക്കന്മാരെയും ഉപദേഷ്ടാക്കന്മാരെയും ഒരുപോലെ നശിപ്പിക്കും. വഴിയിൽ മരിച്ചു കിടക്കുന്ന ഒരു പ്രവാചകൻ തെളിയിക്കുന്നത്, നമ്മുടെ ദൈവം സത്യവാനാകുന്നു എന്നാണ്. വ്യാജവും ഭോഷ്ക്കും ദൈവത്തിനെതിരാണ്. സത്യം മാത്രമാണ് സ്വർഗം നൽകുന്നത്, സത്യത്തെ മാത്രമെ സ്വർഗം ആദരിക്കുന്നുള്ളു. ആ സംഭവത്തിന്റെ പശ്ചാത്തലത്തിൽ എന്തുകൊണ്ടാണ് ഒരു നുണ അപകടമാകുന്നത് എന്ന് എളുപ്പത്തിൽ കാണാം.

### ഭോഷ്ക്ക് വഞ്ചിക്കുന്നതാണ്

ആദ്യമായി, ഒരു നുണ അപകടമാകുവാൻ കാരണം, അതു തെറ്റിദ്ധരിപ്പിക്കുകയും, വഞ്ചിക്കുകയും ചെയ്യുന്നു എന്നതിനാലാണ്. ആയതിനാൽ അത് ദൈവത്തിനെതിരാണ്, കാരണം ദൈവം ഒരിക്കലും വഞ്ചിക്കുന്നില്ല. അവന്റെ വചനം എല്ലായ്പോഴും നല്ലതാണ്. അവനെ കുറിച്ച് ഒന്നും കളവായിട്ടില്ല. അവൻ നമ്മെ നീതിപാതകളിൽ നടത്തുന്നു (സങ്കീർത്തനങ്ങൾ 23:3).

തെറ്റ് നമ്മെ ഒരിക്കലും ശരിയായതിലേക്ക് നയിക്കുന്നില്ല, എന്നാൽ അത് അസത്യത്തിലേക്കും, യാഥാർത്ഥ്യരഹിതത്തിലേക്കുമാണ് നയിക്കുന്നത്. തന്റെ വീട്ടിൽ വന്ന് അപ്പം തിന്നുന്നതും വെള്ളം കുടിക്കുന്നതും ശരിയാണെന്ന് ബോധ്യപ്പെടുത്തുവാൻ ദൈവേഷ്ടത്തിനു തികച്ചും വിരുദ്ധമായിരുന്നുവെങ്കിലും, വൃദ്ധപ്രവാചകൻ ഒരു നുണ പ്രയോഗിച്ചു. യുവപ്രവാചകൻ അയാളെ വിശ്വസിക്കയും പൂർണ്ണമായും വഞ്ചിക്കപ്പെടുകയും ചെയ്തു.

ഭോഷ്ക്ക് ചിലപ്പോൾ എത്രമാത്രം വിശ്വസനീയമാണെന്ന് ഓർക്കുക. വൃദ്ധപ്രവാചകൻ തന്റെ നുണ ആകർഷണിയമായിട്ടാണ് അവതരിപ്പിക്കുന്നത്. ഒരു *ദൂതൻ* തനിക്കു പ്രത്യക്ഷനായി യുവപ്രവാചകന് നൽകിയ സന്ദേശത്തിന് പകരം മറ്റൊരു ദൂത് തനിക്കു നൽകിയിരിക്കുന്നു എന്നാണ് പറഞ്ഞത്. തന്റെ ദൂത് വിശ്വസനിയമെന്നാണ് അയാൾ യുവാവിനോട് പറഞ്ഞത്. യെഹൂദ്യയിൽ നിന്നുള്ള *പ്രവാചകൻ* ആ അപേക്ഷ എന്തുകൊണ്ട് തള്ളിക്കളഞ്ഞില്ല എന്നു നമുക്ക് അറിയില്ല. ഒരുപക്ഷെ യുവപ്രവാചകൻ തന്നോട് തന്നെ പറഞ്ഞിരിക്കാം, “അയാളും ഒരു പ്രവാചകനാണല്ലൊ. അയാൾക്ക് ഒരു ദൂതൻ പ്രത്യക്ഷനായി എന്നാണ് പറഞ്ഞത്. എനിക്ക് ഒരു ദൂതൻ പ്രത്യക്ഷനായിട്ടില്ല. അപ്പോൾ അത് ശരിയായിരിക്കണം. അതിനാൽ അവനോടുകൂടെ പോകാം.” അങ്ങനെ ആ പ്രവാചകൻ വൃദ്ധപ്രവാചകന്റെ നുണ വിശ്വസിച്ച് ദൈവം തന്നോട് നേരിട്ടു കൽപിച്ച കൽപനയെ വിട്ട് പ്രവർത്തിച്ചു.

“കർത്താവ് നിങ്ങൾക്ക് പ്രത്യക്ഷനായി എന്നതിനേക്കാൾ കർത്താവ് എനിക്ക് അടുത്ത സമയത്ത്പ്രത്യക്ഷനായി എന്നു പറയുന്ന ആളെ ശ്രദ്ധിക്കണം!” എന്ന് ആരോ പറയുകയുണ്ടായി. സത്യം എന്തെന്നാൽ, ദൈവം തന്റെ വചനം ആയ ബൈബിൾ, നമുക്ക് നൽകിയിട്ടുണ്ട്, അപ്പോൾ ഒരാൾ

വന്ന് ബൈബിളിനോട് കൂട്ടിച്ചേർത്ത് നമ്മുടെ അടുക്കൽ വരുമ്പോൾ സൂക്ഷിക്കണം. തിരുവെഴുത്തിലില്ലാത്ത കൽപന അനുസരിക്കണമെന്ന് പറയുമ്പോൾ നാം അയാളെ വിശ്വസിക്കരുത്, തിരുവെഴുത്തുകളെ മാത്രമെ വിശ്വസിക്കാവു! പൗലൊസിന്റെ വാക്കുകൾ ഓർമ്മിക്കുക.

> എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിരോധമായി ഞങ്ങളാകട്ടെ സ്വർഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻ പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു, നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ (ഗലാത്യർ 1:8, 9).

### ഒരു ഭോഷ്ക്ക് നശിപ്പിക്കുന്നു

നുണ അപകടമാകുവാനുള്ള മറ്റൊരു കാരണം അതു നശിപ്പിക്കുന്നു എന്നതാണ്. വൃദ്ധപ്രവാചകൻ യുവപ്രവാചകനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചപ്പോൾ, അയാളെ ക്ഷണിച്ചത് ഇരുട്ടിലേക്കും, അധഃപ്പതനത്തിലേക്കും, മരണത്തിലേക്കുമാണ്. നിങ്ങൾ ഒരാളുടെ ആത്മാവിനെ കൊല്ലുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, അയാളെ ഭോഷ്ക്ക് വിശ്വസിച്ച് ജീവിക്കുന്നതിലേക്ക് നയിച്ചാൽ മതി. ദൈവത്തെ അനുസരിക്കാതിരിക്കുവാൻ പ്രേരിപ്പിക്കുന്നയാൾ - എത്ര യോഗ്യനായാലും, എത്ര നല്ല വ്യക്തിയായി അറിയപ്പെട്ടവനായാലും ശരി - നമ്മുടെ മിത്രമല്ല, ശത്രുവാണ്.

ഏതൊരു ഉപദേശത്തെ കുറിച്ചും ചോദിക്കേണ്ട പ്രധാനപ്പെട്ട ചോദ്യം ഇതാണ്: "അത് നമ്മെ എവിടേക്കാണ് നയിക്കുന്നത്?" തെറ്റിന്റെ അവസാന ഫലം മരണമാണ്. തെറ്റ് എന്തു ചെയ്യുമെന്ന് നിങ്ങൾക്ക് അറിയണോ? വഴിയിൽ മരിച്ചുകിടക്കുന്ന യുവപ്രവാചകനെ നോക്കി നിങ്ങളോടു തന്നെ പറയുക, "അത് ഒരു ഭോഷ്ക്ക് വിശ്വസിച്ചതിന്റെ ഫലമാണ്."

ഏതു നുണയും നശിപ്പിക്കുന്നതാണ്. ഉപദ്രവിക്കാത്ത നുണയില്ല. നുണ പറയുന്ന വ്യക്തിയെ അത് ബാധിക്കും. നുണ പറഞ്ഞ പ്രവാചകന്റെ ബഹുമാനം നഷ്ടമായി, അതിലുപരി ദൈവത്തിന്റെ അംഗീകാരവും അവനില്ലാതായി. അവന്റെ തെറ്റായ പ്രവർത്തനത്തിനു ജീവിതത്തിൽ വചനത്തിൽ മുന്നറിയിച്ച ശിക്ഷ ലഭിക്കും. നുണ വിശ്വസിക്കുന്ന ആരും അതിനിരയാകും. ജീവിതം നൽകിയിരിക്കുന്നത് സത്യത്തോട് ചേർന്നു ജീവിക്കുവാനാണ്. തെറ്റിനാൽ നയിക്കപ്പെടുന്ന ഏതൊരു ജീവിതവും ഇരുട്ടിലാണ്, തെറ്റിദ്ധാരണയിലാണ്, അതിനു തിക്തമായ അനന്തരഫലവുമുണ്ടാകും. അതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ആർക്കും കഴിയുകയില്ല. തെറ്റു പറയുന്നവനെയും, അത് സ്വീകരിക്കുന്നവനെയും വ്രണപ്പെടുത്തും.

### ഭോഷ്ക്ക് പൈശാചികമാണ്

ഒരു ഭോഷ്ക്ക് അപകടമെന്ന് പറയുവാനുള്ള മറ്റൊരു കാരണം അത് പൈശാചികമാണ് എന്നതാണ്. എപ്പോഴായാലും ഒരു നുണ കേൾക്കുമ്പോൾ, പിശാച് സന്നിഹിതനായിരിക്കുന്നു എന്നു അറിയുക. പിശാച് ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനുമാകുന്നു എന്നാണ് യേശു പറഞ്ഞത് (യോഹന്നാൻ 8:44). അങ്ങനെ ഈ സംഭവത്തിൽ പിശാച് എവിടെയോ ഉണ്ട് എന്നു

നമുക്ക് ധൈര്യത്തോടെ പറയാം. വൃദ്ധനായ പ്രവാചകൻ ഭോഷ്ക്ക് പറഞ്ഞപ്പോൾ, അവൻ പിശാചിന്റെ സ്വാധീനത്തിലായിരുന്നു എന്നാണ് തിരുവെഴുത്ത് നമ്മോട് പറയുന്നത്. ഭോഷ്ക്ക് പറയുന്ന ഏതൊരാളും പിശാചിന്റെ സ്വാധീനത്തിലാണ്. നുണ പറയുന്നവൻ പിശാചിന്റെ മകനാണ്.

യുവപ്രവാചകനോട് ഭോഷ്ക്ക് പറയണമെന്ന് വൃദ്ധപ്രവാചകൻ തീരുമാനിച്ചത് എപ്പോഴാണെന്ന് നമുക്ക് അറിയില്ല; അവൻ എന്തിനാണ് ആ നുണ പറഞ്ഞതെന്നും നമുക്ക് അറിയില്ല. അവൻ ഭോഷ്ക്കു പറഞ്ഞു എന്നും, അതിന്റെ ഫലമെന്തായിത്തീർന്നു എന്നും നമുക്ക് അറിയാം. കാരണം എന്തു തന്നെയായാലും, അത് എപ്പോൾ എവിടെ വെച്ചു തീരുമാനിച്ചാലും, അത് പിശാചിന്റെ പ്രവർത്തിയാണെന്നും, പിശാചിന്റെ സ്വാധീനം ലോകത്തിലുണ്ടെന്നും ആ രംഗം നമ്മെ പഠിപ്പിക്കുന്നു.

സത്യം നമ്മെ സ്വതന്ത്രമാക്കുന്നു എന്നാണ് യേശു പറഞ്ഞത് (യോഹന്നാൻ 8:32). സത്യം നമ്മെ സ്വതന്ത്രമാക്കുന്ന എല്ലാ വഴികളെയും കുറിച്ച് ചിന്തിക്കുക: പാപത്തിന്റെ അടിമത്വത്തിൽനിന്നും (റോമർ 6:17, 18, 21, 22), ഇരുട്ടിൽനിന്നും അജ്ഞതയിൽനിന്നും (യോഹന്നാൻ 17:17; റോമർ 1:25; 1 തെസലൊനിക്യർ 5:3, 4), മരണത്തിൽനിന്നും (റോമർ 8:2; എബ്രായർ 2:14), സത്യസന്ധതയില്ലായ്മയിൽനിന്നും (എഫെസ്യർ 4:23–25), ന്യായവിധിയെ കുറിച്ചുള്ള ഭയത്തിൽനിന്നും (യോഹന്നാൻ 3:18, 19, 21), ദൈവത്തെ സന്തോഷിപ്പിക്കാതിരിക്കുന്നതിൽനിന്നും (2 തെസലൊനിക്യർ 1:10, 11; 2:9, 10).

യെഹൂദ്യയിലെ പ്രവാചകനിൽനിന്നു പഠിച്ച പാഠം നാം ഒരിക്കലും മറക്കുവാൻ പാടില്ല. അത് അടിസ്ഥാനപരമായ ജീവിതത്തിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ്. പറഞ്ഞതും ചെയ്തതുമെല്ലാം നോക്കുമ്പോൾ, ജീവിതത്തിൽ അടിസ്ഥാനപരമായ തീരുമാനത്തിലെത്തുന്നു: ഞാൻ ദൈവത്തെ അനുസരിക്കുമോ? അതോ പിശാചിനെ അനുസരിക്കുമോ? എന്റെ തീരുമാനം ദൈവത്തെ അനുസരിക്കുമെന്നാണെങ്കിൽ, അപ്പോൾ തന്നെ സത്യത്തെ പിൻപറ്റുമെന്ന തീരുമാനവും എടുക്കണം, കാരണം ദൈവം വെളിച്ചമാണ്, അവനിൽ ഇരുട്ട് ഒട്ടുമില്ല (1 യോഹന്നാൻ 1:5). പിശാചിനെ അനുസരിച്ച് പിൻപറ്റുന്നവർക്ക് സത്യം പ്രശ്നമല്ല – പക്ഷെ അനന്തരഫലം കൈപ്പുള്ളതും, ഭയങ്കരവും, നിത്യവുമായിരിക്കും (മത്തായി 25:41–46).

## ഉപസംഹാരം

യെഹൂദ്യയിൽനിന്നുള്ള പ്രവാചകന്റെ സംഭവം ഇവിടെ പറഞ്ഞത്, യൊരേബയാമിനെ ശാസിക്കുന്നത് മനസിലാക്കുവാനും, സത്യത്തിൽനിന്നകന്ന് ഭോഷ്ക്ക് വിശ്വസിക്കുന്ന പരീക്ഷണം നേരിടുന്ന എല്ലാവർക്കും പ്രയോജനപ്പെടുവാനുമാണ്. സത്യത്തിലുള്ള അവന്റെ പിടി വിട്ടുപോയതിനാലാണ് പ്രവാചകന് പെട്ടെന്ന് അതിന്റെ അനന്തരഫലം നേരിടേണ്ടി വന്നത്. അവൻ ദൈവത്തെ പ്രതിനിധീകരിച്ച് ദൈവത്തിന്റെ സത്യത്തിന് വേണ്ടി വിട്ടുവീഴ്ച്ച ചെയ്യാതെ നിൽക്കേണ്ടവനായിരുന്നു. അവൻ അത് ഉപദേശിക്കയും അങ്ങനെ ജീവിക്കയും വേണമായിരുന്നു. ആ സത്യം നാം മനസിലാക്കുവാൻ അങ്ങനെയുള്ള പ്രവാചകന്റെ അന്ത്യത്തെ നമുക്കായി വിവരിച്ചിരിക്കുന്നു. നാം അതു പഠിക്കുമോ?

### പഠിക്കേണ്ട പാഠം:
### തെറ്റ് കൊല്ലുന്നു; സത്യം ജീവിപ്പിക്കുന്നു.

കുറിപ്പുകൾ

[1]പഴയനിയമത്തിൽ യെഹൂദ്യയിൽനിന്നുള്ള ആ പ്രവാചകനെ കുറിച്ചു പറയുവാൻ സാധ്യതയുള്ള പല കാരണങ്ങൾ നമുക്ക് പറയാവുന്നതാണ്. ആദ്യം, ആ വൃദ്ധനായ പ്രവാചകൻ പെട്ടെന്നു പോകുന്നതു കണ്ടപ്പോൾ, ദൈവേഷ്ടത്തിനു വിരുദ്ധമായിട്ടാണെങ്കിലും, ആ യുവപ്രവാചകന്റെ വിശ്വസ്തതയെ അഭിനന്ദിക്കുവാനും, അവനുമായി കൂട്ടായ്മ പുലർത്തുവാനും പോകുന്നുവെന്നാണ് കരുതിയത്. വൃദ്ധ പ്രവാചകൻ വേണ്ടതുപോലെ സത്യത്തെ ആദരിച്ചില്ല, അല്ലെങ്കിൽ യൊരേബയാമിന് സംഭവിച്ചതൊന്നും അവൻ കാര്യമാക്കിയില്ല. അതുകൊണ്ട്, ദൈവം തന്നോട് എങ്ങനെ സംസാരിച്ചുവെന്ന് ഒരു കഥ മെനഞ്ഞുണ്ടാക്കി, പ്രായമുള്ള പ്രവാചകൻ ആ ചെറുപ്പക്കാരനോടുകൂടെയാണെന്ന് തോന്നിപ്പിച്ചു.

ആ യുവപ്രവാചകനെ വൃദ്ധപ്രവാചകൻ തന്റെ നിലവാരത്തിലേക്ക് താഴ്ത്തുവാനുള്ള ശ്രമമായിരുന്നു എന്നതാണ് മറ്റൊരു സാധ്യത. യൊരേബയാമും അവനെ പിന്തിരിപ്പിക്കാതിരുന്ന ആ വൃദ്ധപ്രവാചകനടക്കം, അവിടെയുണ്ടായിരുന്ന എല്ലാവരേയും ആ യുവപ്രവാചകൻ കുറ്റപ്പെടുത്തിയിരുന്നു. അതുകൊണ്ട് ബേഥേലിനെതിരായും യൊരേബെയാമിനെതിരായും പ്രവചിച്ച പ്രവാചകനെ ഭോഷ്ക്കിൽ കുടുക്കി ഇല്ലാതാക്കാമെന്ന് വിചാരിച്ചിരിക്കാം. ആ യുവപ്രവാചകൻ പ്രവചിച്ചതനുസരിച്ച് യൊരേബയാമിന്റെ കുറ്റം ആ വൃദ്ധ പ്രവാചകന് ബോധ്യപ്പെടുത്തിക്കൊടുക്കാമായിരുന്നു, അതിന് പകരം അവൻ തന്റെ മനസിനു ചൂടുവെച്ചു പ്രവർത്തിച്ചു.

മൂന്നാമത്, ചിലർ വിചാരിക്കുന്നത്, ആ വയസനായ പ്രവാചകൻ ചെറുപ്പക്കാരനായ പ്രവാചകനെ, പറഞ്ഞത് ശരിയാണോ എന്ന് പരീക്ഷിക്കുകയായിരുന്നു എന്നാണ്. യുവപ്രവാചകൻ യെരുശലേമിൽ നിന്നാണ് വന്നത്. അവൻ വെറുതെ കുഴപ്പമുണ്ടാക്കുവാൻ ഒരു സന്ദേശവാഹകനായി തെക്കേ രാജ്യത്തുനിന്നു വന്നതാണോ, അതോ തങ്ങളുടെ പാപത്തെ ശാസിക്കുവാൻ ദൈവം അയച്ച പ്രവാചകനായിരുന്നോ? അവൻ ഈ പരീക്ഷണത്തിനു വിധേയനാകുകയാണെങ്കിൽ അവൻ “വാസ്തവത്തിലുള്ള” പ്രവാചകനല്ല.

നാലാമത്, പൃദ്ധപ്രവാചകൻ രാജാവിനുവേണ്ടി അഭിനയിക്കുകയായിരുന്നേക്കാം. രാജാവിന്റെ പ്രതിരോധത്തിന് അവൻ സ്വയം-നിയമിതനായിരുന്നേക്കാം. രാജാവ് പരാജയപ്പെട്ട സ്ഥാനത്ത് വൃദ്ധപ്രവാചകൻ പരിശ്രമിച്ചു നോക്കുകയായിരുന്നു. ആ പ്രവാചകനെ ഇത് ചെയ്യിക്കുവാൻ കഴിഞ്ഞാൽ, അവന് വടക്കേ രാജ്യത്തിലെ കുപ്രസിദ്ധ പ്രവാചകനാകാം. ഇത് തനിക്ക് വിജയിക്കുവാനുള്ള അവസരമാണ്.

പല സാധ്യതകൾ നാം പറഞ്ഞാലും, അതെല്ലാം ആ വൃദ്ധപ്രവാചകനെ കുറിച്ചുള്ള ഊഹം മാത്രമെ ആകുന്നുള്ളു. അവൻ പറഞ്ഞത് “ഭോഷ്ക്ക്” ആയിരുന്നു എന്ന് നമുക്ക് അറിയാം. സത്യത്തെ, നാം സ്വീകരിക്കണമെന്നാണ് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നത്.